പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 2569

19.6.2013 ലെ മറുപടിയ്ക്ക്

## സീപ്ലെയിൻ പദ്ധതി

| ചോദ്യം<br>ശ്രീ. വി.ശശി | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>ബഹു. പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി |
|---|---|---|
| എ) സീപ്ലെയിൻ പദ്ധതി തുടങ്ങുന്നതിന് മുമ്പായി ഇതു തുടങ്ങിയാലുണ്ടാകുന്ന സാമൂഹ്യ-സാമ്പത്തിക വിഷയങ്ങളെ സംബന്ധിച്ചും പരിസ്ഥിതി സന്തുലിതകർച്ചയെ സംബന്ധിച്ചും പഠനം നടത്തിയിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ; | എ) | കേരള സീപ്ലെയിൻ പദ്ധതിയുടെ ഭാഗമായി കേന്ദ്ര സർക്കാർ സ്ഥാപനമായ പവൻഹാൻസ് ഹെലികോപ്ടേഴ്സ് ലിമിറ്റഡ് എന്ന സ്ഥാപനം വഴി മുൻഗണനാ പ്രദേശങ്ങളിൽ ജലവിമാന പദ്ധതി നടപ്പിലാക്കുന്നതിനായി പഠനം നടത്തുകയും സാധ്യതാ പഠന റിപ്പോർട്ട്, ഡി.പി.ആർ. എന്നിവ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഡി.പി.ആർ, കെ.ടി.ഐ.എൽ ന്റെ വെബ് സൈറ്റിൽ (www.ktil.in) പ്രസിദ്ധപ്പെടുത്തിയിട്ടുമുണ്ട്. |
| ബി) പ്രസ്തുത പദ്ധതി തുടങ്ങുന്നതിന് മുമ്പ് പൊതു ജനങ്ങളുടെയും സംഘടനകളുടെയും അഭിപ്രായമറിയാൻ സംവിധാനം ഏർപ്പെടുത്തിയിരുന്നോ; എങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്തുമോ? | ബി) | പദ്ധതിയുടെ നടത്തിപ്പ് വിവിധ വകുപ്പുകളുടെ സെക്രട്ടറിമാർ അടങ്ങിയ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽ നോട്ടത്തിൽ ആണ്. ഇതിന് പുറമേ 22.5.2013 ന് ടൂറിസം, ഫിഷറീസ് വകുപ്പ് മന്ത്രിമാരുടെ നേതൃത്വത്തിൽ മത്സ്യബന്ധന മേഖലയിലെ സംഘടനകൾ, ഉദ്യോഗസ്ഥർ മുതലായവരെ പങ്കെടുപ്പിച്ച് യോഗം ചേരുകയുണ്ടായി. ആവശ്യമെങ്കിൽ തുടർന്നും ആശയ വിനിമയങ്ങളിലൂടെ പൊതുജനങ്ങളുടെയും സംഘടനകളുടെയും അഭിപ്രായവും ആശങ്കയും ഉൾക്കൊണ്ട് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ